# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1117. 02-05-2017 ൽ മറുപടിയ്ക്ക്

## കാർഷികാവശ്യത്തിന് ജലവിതരണം ഉറപ്പുവരുത്താതിരുന്ന സാഹചര്യം

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വരൾച്ച മൂലം ഏകദേശം എത്ര ഹെക്ടർ നെൽകൃഷി നശിച്ചതായാണ് കണക്കാക്കിയിട്ടുള്ളത്; | (എ) & (ബി) | സംസ്ഥാനത്ത് കടുത്ത വരൾച്ച മൂലം 36891.22 ഹെക്ടർ നെൽകൃഷി നശിച്ചതായി കണക്കാക്കിയിട്ടുണ്ട്. ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരത്തിൽ നെൽകൃഷി നശിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായ ആക്ഷേപം ഉന്നയിക്കാൻ ഇടയായ സാഹചര്യമെന്താണ്; | | |
| (സി) | കാർഷികാവശ്യത്തിന് ആവശ്യമായ ജലവിതരണം ഉറപ്പുവരുത്തുന്നതിന് കഴിയാതിരുന്നതാണ് ഈ സ്ഥിതിവിശേഷമുണ്ടാക്കിയതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (സി) & (ഡി) | കടുത്ത വരൾച്ചമൂലം ജലസ്രോതസ്സുകളിലും ജലസംഭരണികളിലും ജലനിരപ്പ് ഗണ്യമായി കുറഞ്ഞതിനാൽ കൃഷിക്ക വേണ്ടിയിട്ടുള്ള ജലവിതരണത്തെ ബാധിച്ചിട്ടുണ്ട്. കേരള സർക്കാർ ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് പുറത്തിറക്കിയ സർക്കുലർ പ്രകാരം ജല ഉപയോഗം കുറയ്ക്കുന്നതിന് വേണ്ടി കുടിവെള്ളം - ഗാർഹിക ഉപയോഗം - വളർത്തു മൃഗങ്ങൾക്ക് - വന്യജീവികൾക്ക് - കൃഷിയ്ക്ക് - വ്യവസായത്തിന് എന്ന മുൻഗണനാ ക്രമം 2017 മെയ് മാസം വരെ പാലിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ജലദൗർലഭ്യം വളരെയധികം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുടിവെള്ളത്തിനാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. സംസ്ഥാനത്ത് കാർഷികാവശ്യത്തിനുള്ള ജലവിതരണം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ചുള്ള തീരുമാനം ജലവിഭവ വകുപ്പിൽ നിന്നും |
| (ഡി) | സംസ്ഥാനത്ത് കാർഷികാവശ്യത്തിനുള്ള ജലവിതരണം പരിമിതപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ജലവിഭവ വകുപ്പിൽ നിന്നും കൃഷി വകുപ്പിന് ലഭിച്ചിരുന്നോ; എങ്കിൽ കർഷകരെ ഈ സാഹചര്യം മുൻകൂട്ടി അറിയിക്കുന്നതിൽ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ലഭിച്ചിരുന്നു. ലഭ്യമായ ജലം പരിമിതപ്പെടുത്തി കൃഷി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ കർഷകർക്ക് കൃഷി വകുപ്പ് നൽകിയിട്ടുണ്ട്. ഇതോടൊപ്പം ജില്ലാ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും കർഷകർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ